കോഴിക്കോട് ജില്ലയിൽ പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുന്ന പുതിയ റോഡുകൾ

70(4350) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി കോഴിക്കോട് ജില്ലയിൽ ഏതെങ്കിലും റോഡുകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ പുതിയ റോഡുകൾ പി. ഡബ്ല്യു.ഡി. ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ ഫാത്തിമ എസ്റ്റേറ്റ് - തോട്ടുമുക്കം റോഡ് (7 കി.മീ) പി. ഡബ്ല്യു.ഡി ഏറ്റെടുത്തിട്ടുണ്ട്.

(ബി) കല്ലാനോട് - ഇല്ലപ്പള്ളി - മരിച്ചോട്ടി - വയലിട - തലയാട് റോഡ് (5.5 കി. മീ.) പനത്തോട്ടം - പൊന്തിലമറ്റാൾ - കൊടപ്പാടി റോഡ് (3.5 കി. മീ) അടിവാരം - മരാംതോട് തുപ്പാരഗിരി റോഡ് (7 കി.മീ.) എന്നീ മൂന്ന് റോഡുകൾകൂടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പുതുതായി പണി ചെയ്ത റോഡുകൾ

71 (4351) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യത്തിന് മാരമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കിലോമീറ്റർ റോഡുകൾ പുതുതായി പണി ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഏകദേശം 200 കി. മീ. റോഡ് പുതുതായി പണി ചെയ്തിട്ടുണ്ട്.

തലശ്ശേരി - മാഹിപ്പാലം - ചൊക്ലി റോഡിന്റെ പുനർനിർമ്മാണം

72 (4352) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി-മാഹിപ്പാലം-ചൊക്ലി റോഡ് വീതികൂട്ടുന്നതും പുനർ നിർമ്മാണവും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly